
# ദർശനം

Voice of Karattukunnel

കാരാട്ടുകുന്നേൽ സെന്റ് മേരീസ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 2 | ലക്കം 2 | ഓഗസ്റ്റ് 2007 | പേജ് 4

## ദൈവമാതാവിന്റെ വാങ്ങിപ്പ്

റവ. ഫാ. ടി. ജെ. ജോഷ്വാ



ദേശീയമായും സഭാപരമായും പ്രാധാന്യമർഹിക്കുന്ന ദിവസമാണ് ഓഗസ്റ്റ് പതിനഞ്ച്. വിദേശ മേൽക്കോയ്മയിൽ നിന്ന് ഭാരതം സ്വതന്ത്രമായത് ഈ ദിവസത്തിലാണ്. ദൈവമാതാവായ പരിശുദ്ധ മറിയാമിന്റെ നിര്യാണം നാം അനുസ്മരിക്കുന്നതും ഈ ദിവസം തന്നെ. ദേശീയ സ്വാതന്ത്ര്യത്തെക്കുറിച്ച് അനുസ്മരിക്കുവാൻ സഹായിക്കുന്ന വേദഭാഗങ്ങളൊന്നും അന്നത്തെ വായനയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും, ഈ വിഷയം നമുക്കു അവഗണിക്കാവുന്നതല്ല. പൗലോസ് പ്രബോധിപ്പിക്കുന്നു; 'എല്ലാ വിധത്തിലും നാം ശാന്തവും സമാധാനപൂർണ്ണവും, ഭക്തിയുക്തവും, മാന്യവുമായ ജീവിതം നയിക്കുവാൻ ഇടയാകുന്നതിന് രാജാക്കന്മാർക്കും ഉന്നതസ്ഥാനീയർക്കും വേണ്ടി പ്രാർത്ഥിക്കുക' (1. തീമോ. 2:2) ഭരണകൂടത്തിനു വേണ്ടി പ്രാർത്ഥിക്കുവാനും, സാമ്പത്തികവും, സാമൂഹ്യവുമായ മണ്ഡലങ്ങളിൽ യഥാർത്ഥ സ്വാതന്ത്ര്യം അനുഭവവേദ്യമാക്കുവാനുമുള്ള കർത്തവ്യം നമുക്കുണ്ട്.


ദൈവമാതാവായ വിശുദ്ധ മറിയാമിന്റെ വാങ്ങിപ്പു പെരുന്നാൾ (ശൂനോയോ) കാതോലിക സഭകൾ എല്ലാം തന്നെ ഭക്തി പൂർവ്വം ആചരിക്കുന്ന ഒന്നാണ്. അതിനുള്ള ഒരുക്കമായിട്ടാണ് പതിനഞ്ചു ദിവസത്തെ നോമ്പ് അനുഷ്ഠിക്കുന്നത്. മാതാവ് മരിക്കാതെ സ്വർഗ്ഗത്തേക്ക് എടുക്കപ്പെടുകയായിരുന്നു എന്നു ചിലർ ധരിച്ചുവച്ചിട്ടുള്ളതായി തോന്നുന്നു. ഏതൊരു വ്യക്തിയെയും പോലെ മറിയാം മരിച്ചു; സംസ്കരിക്കപ്പെടുകയും ചെയ്തു. എന്നാൽ ആ ശരീരം ജീർണ്ണത പ്രാപിക്കുവാൻ അനുവദിക്കാതെ സ്വർഗ്ഗത്തേക്ക് എടുക്കപ്പെട്ടു എന്നുള്ളത് സഭയുടെ ഒരു പാരമ്പര്യമാണ്. അതൊരു ഡോഗ്മാ (രക്ഷയ്ക്കവശ്യം വിശ്വസിക്കേണ്ട സത്യം) ആയി നമ്മുടെ സഭ പഠിപ്പിക്കുന്നില്ല.

പഴയനിയമത്തിൽ മാതാവിനെപ്പറ്റി പരാമർശങ്ങൾ ഉണ്ടോ? പരോക്ഷമായി പലതുമുണ്ട്. പ്രതീകങ്ങളായിട്ടാണെന്നു മാത്രം. (a) സമാഗമനകൂടാരം - (എബ്രാ. 9: 3—12, അ: പ്ര: 7: 14-53) അവിടെയായിരുന്നു യഹോവയുടെ ദിവ്യമായ സാന്നിദ്ധ്യവും വെളിപാടും ഉണ്ടായത്. വി. മറിയാമിൽ അനിതര സാധാരണമായ വിധത്തിൽ ദൈവസാന്നിധ്യം അനുഭവപ്പെട്ടു എന്നു നമുക്കറിയാം. (b) മോശ കണ്ട മുൾപ്പടർപ്പ് — (പുറ: 3:2) (c) സാക്ഷിയിൻ പെട്ടകം. (d) ദൈവമായ യഹോവാ അതിൽ കൂടി അകത്തു കടന്നതുകൊണ്ട് അത് എന്നേക്കുമായി അടച്ചിരിക്കുമെന്നു പറയപ്പെട്ട ഗോപുരം (യെഹ. 44: 2) ഇവ കൂടാതെ മറ്റു പല പ്രതീകങ്ങളും പഴയനിയമത്തിൽ നിന്നു ചൂണ്ടിക്കാണിക്കുവാനുണ്ട്.

ദൈവമാതാവിനെക്കുറിച്ചുള്ള ചിന്തയിൽ പ്രധാനമായത്, അവൾ സഭയുടെ പ്രതീകവും, വിശ്വാസികളുടെ ഉത്തമമാതൃകയുമാണെന്നുള്ളതാണ്. വചനമാകുന്ന ക്രിസ്തുവിനെ വിശ്വാസത്താൽ ഉൾക്കൊണ്ട്, അദ്ദേഹത്തെ ലോകത്തിന്റെ രക്ഷകനായി നൽകുകയായിരുന്നു മറിയാം ചെയ്തത്. ഈ ദൗത്യമാണ് ക്രിസ്തീയ സഭയ്ക്കും ചെയ്യുവാനുള്ളത്.

വിശുദ്ധ മറിയാമിന്റെ അചഞ്ചലമായ വിശ്വാസം, പ്രാർത്ഥനയിലും ആരാധനയിലും ഉള്ള നിഷ്ഠ (ലൂക്കോ. 2:41), ദൈവീകസത്യങ്ങൾ ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിക്കുന്ന അനുഭവം, മറ്റുള്ളവരുടെ പ്രയാസത്തിൽ സഹായിക്കുന്നതിനുള്ള സന്മനസ് (യോഹ. 2:3) ദൈവഹിതത്തിനു സമ്പൂർണ്ണമായി സമർപ്പിക്കുവാനുള്ള വ്യഗ്രത ഇവയെല്ലാം വിശ്വാസികൾക്ക് മാതൃകയാക്കുവാനുള്ള കാര്യങ്ങളാണ്. കർത്താവിനെ ഉദരത്തിൽ വഹിക്കുവാനുള്ള ഭാഗ്യം വിശുദ്ധമറിയാമിനുണ്ടായി എങ്കിൽ, ഒരു വിശ്വാസിക്ക് കർത്താവിനെ ഹൃദയത്തിൽ വഹിക്കാനുള്ള ഔന്നത്യം ലഭ്യമാകുന്നു.

*(കടപ്പാട് മലങ്കര സഭാമാസിക)*



2007 ജൂലൈ 8 മുതൽ പള്ളി വികാരിയായി ചുമതലയേറ്റ റവ. ഫാ. തോമസ് ആൻഡ്രൂസ് (ജീനച്ചൻ) മള്ളിയിൽ

## പെരുന്നാൾ പ്രോഗ്രാം

**15-08-2007**

7.00 am പ്രഭാത നമസ്കാരം

8.00 am വി. കുർബ്ബാന

**വെരി. റവ. പോൾ റമ്പാൻ മൈലപ്ര**യുടെ കാർമ്മികത്വത്തിൽ

തുടർന്ന്

**അവാർഡ് വിതരണം**

**പ്രദക്ഷിണം**


**ആശീർവാദം**

**നേർച്ചവിളമ്പ്**

**ലേലം**

**ആദരാഞ്ജലികൾ**

**ഔഗേൻ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ഓർമ്മയ്ക്കു മുമ്പിൽ ദർശനത്തിന്റെ പ്രണാമം.**



## ശൂനോയോ സംഗമം 2007

വി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായ അമയന്നൂർ കാരാട്ടു കുന്നേൽ സെന്റ്. മേരീസ് ഓർത്തഡോക്സ് പള്ളി 97 വർഷങ്ങൾ പിന്നിടുകയാണ്. 1993 ആഗസ്റ്റ് മാസത്തിൽ പള്ളിയിൽ ആരംഭിച്ച 'ശൂനോയോ സംഗമം' പതിനഞ്ച് വർഷങ്ങൾ പിന്നിടുകയാണ്.

ഈ വർഷവും വികാരി റവ: തോമസ് ആൻഡ്രൂസിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 1 മുതൽ 13 വരെ ശൂനോയോ സംഗമം പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടു. ഓഗസ്റ്റ് 1-ാം തീയതി ശൂനോയോ സംഗമത്തിന്റെ ഉദ്ഘാടനം തൈപ്പറമ്പിൽ ശ്രീ. ടി. സി. തോമസിന്റെ ഭവനത്തിൽ വച്ച് കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ മാത്യൂസ് മാർ സേവേറിയോസ് തിരുമനസ്സുകൊണ്ട് നിർവഹിച്ചു തുടർന്ന് ഇടവകയുടെ വിവിധ വാർഡുകളിലായി ശൂനോയോ സംഗമം നടത്തപ്പെട്ടു.

വിവിധ ഭവനങ്ങളിലായി നടത്തപ്പെട്ട ശൂനോയോ സംഗമങ്ങളിൽ റവ: ഫാ. ഡി. ഗീവറുഗീസ്, റവ: ഫാ: പി. സി. ജോർജ്ജ്, റവ: ഫാ: രാജൻ വറുഗീസ്, റവ: ഫാ. ജേക്കബ് മാത്യു, റവ. ഫാ. മാത്യു കെ. ജോൺ., റവ. ഫാ. തോമസ് പി. സഖറിയാ, റവ: ഫാ. ആൻഡ്രൂസ് ടി ജോൺ, റവ: ഫാ. ജോൺസ് ഏബ്രഹാം, റവ: ഫാ: എം. സി. ജോർജ്ജ്, റവ. ഫാ. ജയിംസ് മർക്കോസ്, ശ്രീ. ഏബ്രഹാം മാത്യു, പ്രൊഫ. തോമസ് കുരുവിള എന്നിവർ വചന പ്രഘോഷണം നടത്തി.

പെരുന്നാൾ ദിനമായ ആഗസ്റ്റ് 14, 15 തീയതികളിലെ ചടങ്ങുകൾക്ക് വെരി: റവ: പോൾ റമ്പാൻ മൈലപ്ര മുഖ്യ കാർമ്മികത്വം വഹിക്കും. 14-ാം തീയതി വൈകുന്നേരം സന്ധ്യാനമസ്കാരത്തെ തുടർന്ന് ചപ്പാത്ത് കുരിശിൻ തൊട്ടിയിലേക്ക് പ്രദക്ഷിണം നടത്തപ്പെടും. 15-ാം തീയതി വെരി: റവ: പോൾ റമ്പാന്റെ കാർമ്മികത്വത്തിൽ വി. കുർബ്ബാനയും, തുടർന്ന് പ്രദക്ഷിണം, ആശിർവാദം കൈമുത്ത്, നേർച്ചവിളമ്പ്, ലേലം എന്നിവയും നടത്തപ്പെടും. ശൂനോയോ സംഗമം കൺവീനറായി ശ്രീ. പി. കെ ഏബ്രഹാമും, ജോ. കൺവീനറായി ശ്രീ. ജെ. തോമസും ചുമതല വഹിക്കുന്നു.

**"വി. ദൈവമാതാവിന്റെ മദ്ധ്യസ്ഥത കാവലും കോട്ടയുമായിരിക്കട്ടെ"**

## യുവജനപ്രസ്ഥാനത്തിന്റെ പെരുന്നാൾ ആശംസകൾ

**യുവജനപ്രസ്ഥാനത്തിന്റെ പെരുന്നാൾ ആശംസകൾ**

**എല്ലാ വായനക്കാർക്കും ദർശനത്തിന്റെ സ്വാതന്ത്ര്യദിനാശംസകളും സ്നേഹം നിറഞ്ഞ ഓണാശംസകളും**

**"സ്വാതന്ത്ര്യം ലോകമെമ്പാടുമുള്ള നമ്മുടെ സഹജീവികളുടെ ജന്മാവകാശമാണ്."**

**വി. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്...**



ഒരു വിശ്വാസിയും കുടുംബവും

## എഡിറ്റോറിയൽ

### ദർശനം

പുസ്തകം 2 ലക്കം 2 ഓഗസ്റ്റ് 2007

ഒരു ചെറിയ ഇടവേളയ്ക്കു ശേഷം 'ദർശനം' വീണ്ടും നിങ്ങളുടെ കൈകളിൽ എത്തുകയാണ്. പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പിൻ പെരുന്നാൾ ദിനത്തിൽ തന്നെ ആയത് സാധിച്ചതിൽ അങ്ങേയറ്റം അഭിമാനിക്കുന്നു. പരിശുദ്ധയായ അമ്മയുടെ മദ്ധ്യസ്ഥത നമുക്കു കാവലും കോട്ടയുമായിരിക്കട്ടെ.

ആത്മീയ ഒരുക്കത്തിനും, ദൈവിക ശക്തി പ്രാപിക്കുന്നതിനുമുള്ള അവസരങ്ങളാണ് നോമ്പും, ഉപവാസവും. ഇപ്രകാരമുള്ള ദിനങ്ങൾക്കായി അഞ്ചു കാനോനിക നോമ്പുകൾ സഭ കൽപ്പിച്ചിരിക്കുന്നു. എന്നാൽ ഓരോ നോമ്പും നമ്മുടെ ജീവിതശൈലിയിൽ എന്തു മാറ്റം വരുത്തി എന്നു നാം ചിന്തിക്കുന്നത് നന്നായിരിക്കും. നാം അതുവരെ തുടർന്നു വന്നതായ, ക്രിസ്തീയ ജീവിതത്തിന് അനുവദനീയമല്ലാത്ത, വി. മാമോദീസായിലൂടെ നാം പ്രാപിച്ച പരിശുദ്ധാത്മാവിനെതിരായുള്ള ജീവിത ശൈലിയെ ഒന്നു രൂപാന്തരപ്പെടുത്തുവാൻ സാധിച്ചു എങ്കിൽ മാത്രമേ നാം യഥാർത്ഥമായ ഒരു നോമ്പിന്റെ അനുഭവത്തിലായിരുന്നു എന്നു പറയുവാൻ സാധിക്കുകയുള്ളു. ഭക്ഷണത്തെ മാത്രം വെടിഞ്ഞുകൊണ്ടുള്ള ഒരു നോമ്പല്ല നമുക്കു ആവശ്യം, മറിച്ച് ആത്മാവും ശരീരവും ഒരുമിച്ചു നോമ്പു നോൽക്കേണ്ടിയിരിക്കുന്നു. അപ്രകാരമുള്ള ഒരു നോമ്പിന്റെ അനുഭവം നേടിയെടുക്കുവാൻ ഈ ശൂനോയോ നോമ്പ് നമ്മെ പ്രാപ്തരാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

വിദ്യാർത്ഥികളോട് ഒരു വാക്ക്; ലൗകികമായ അറിവ് നമുക്ക് ആവശ്യമാണ്. നമ്മുടെ ഭാവിജീവിതത്തിന് അത് ഒരു മുതൽക്കൂട്ടാണ്. എന്നാൽ അവയെ നേടാൻ നാം ഓടുമ്പോൾ, നമ്മെ ഭരമേല്പിച്ചിരിക്കുന്നതും, നമ്മെ ആക്കിവെച്ചിരിക്കുന്നതുമായ, സ്ഥിരതയോടെ നാം ഓടേണ്ടതുമായ നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടത്തിൽ നിന്ന് വ്യതിചലിച്ചു പോകരുതേ... ആയതിനോടൊപ്പം 'സ്തുതി, ചൊവ്വാക്കപ്പെട്ട' നമ്മുടെ വിശ്വാസത്തിൽ നിന്ന് അകന്നു പോകുവാനും ഇടയായി തീരരുതേ എന്നും സ്നേഹത്തോടെ ഓർപ്പിക്കുന്നു.

ഇടവക ജനങ്ങളോട് ഒരു വാക്ക്; അന്ധകാര സമമായ ഒരു അവസ്ഥയിൽ നിന്ന് പ്രകാശമയമായ ഒരു അന്തരീക്ഷത്തിലേക്ക് നാം വന്നു ചേരുകയാണ്. ഈ പ്രകാശം മങ്ങിപ്പോകാതെ വളരെ ശോഭയോടു കൂടി നിലനിർത്തുവാൻ ഏവരും ഇടവകയെ സ്നേഹിക്കുകയും ഇടവകയുടെ എല്ലാവിധ പ്രവർത്തനങ്ങളിലും ആത്മാർത്ഥമായി സഹകരിക്കുകയും, സഹായിക്കുകയും ചെയ്യണമെന്ന് സ്നേഹത്തോടെ ഓർമ്മപ്പെടുത്തുന്നു.

പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥതയാൽ ദൈവം നമ്മെ കൂടുതലായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്, ഏവർക്കും ശൂനോയോ പെരുന്നാൾ മംഗളങ്ങൾ നേർന്നുകൊണ്ടും പുതിയ ലക്കം 'ദർശനം' സമർപ്പിച്ചു കൊള്ളുന്നു.

സ്നേഹപൂർവ്വം

നിങ്ങളുടെ എഡിറ്റർ,

**സന്തോഷ് ഏബ്രഹാം**


### ദർശനം

**എഡിറ്റോറിയൽ ബോർഡ്**

**രക്ഷാധികാരി**

റവ: ഫാ: തോമസ് ആൻഡ്രൂസ് മള്ളിയിൽ

**എഡിറ്റർ**

സന്തോഷ് ഏബ്രഹാം

**ബോർഡ് മെമ്പേഴ്സ്**

കുര്യൻ തോമസ്, ജോഷി ഒ. ജെ, സ്ലീബാ സി. ഏബ്രഹാം, റോണി ഏബ്രഹാം, ജോബിമോൻ ഏബ്രഹാം.

**ഉപദേശകസമിതി**

ഫാ: വറുഗീസ് മാത്യു

പി. സി. തോമസുകുട്ടി (ട്രസ്റ്റി)

വി. എം. മാത്യു (ഹെഡ്മാസ്റ്റർ)

ഏലിയാമ്മ വർക്കി (വനിതാ സമാജം).

**സാങ്കേതിക സഹായം**

കെ. യു. മാത്യു

**പ്രിന്റിംഗ്**

സോഫിയാ പ്രിന്റ് ഹൗസ്, കോട്ടയം


### ഇവർ പ്രസ്ഥാനത്തെ നയിക്കുന്നു

**യുവജനപ്രസ്ഥാനം ഭാരവാഹികൾ (2007-2008)**

പ്രസിഡണ്ട്
**റവ: ഫാ: തോമസ് ആൻഡ്രൂസ് മള്ളിയിൽ**

വൈസ് പ്രസിഡണ്ട്
**കുര്യൻ തോമസ്**

സെക്രട്ടറി
**ജോഷി ഒ. ജെ.**

ജോ. സെക്രട്ടറി
**ജോബിമോൻ ഏബ്രഹാം**

പ്രോഗ്രാം കോർഡിനേറ്റർ
**അനീഷ് പി. സ്കറിയ**

ലൈബ്രേറിയൻ
**റോയി ജേക്കബ്**

ജോ. ലൈബ്രേറിയൻ
**ബോബി തോമസ് ഏബ്രഹാം**

മാർ ദീവന്നാസിയോസ് പ്രാർത്ഥനായോഗം
**സ്ലീബാ സി. ഏബ്രഹാം**

M. G. M. സ്പോർട്ട്സ് ക്ലബ്
**ബിബിൻ പി. ജോൺ, സിറിൽ മാത്യൂസ്**

Small Saving Scheme
മാത്യൂസ് ഏബ്രഹാം

ഓഡിറ്റേഴ്സ്
മാത്യു പൈലി, റോണി ഏബ്രഹാം.


മെഡിവിഷൻ

# അലർജി

**ഡോ. കുര്യൻ കുരുവിള, ഉടുമ്പനാട്ട്**

അന്യവസ്തുക്കൾ ശരീരത്തിലേക്കു കടക്കുമ്പോൾ ശരീരത്തിലെ പ്രതിരോധ സംവിധാനത്തിൽ വരുന്ന പ്രതിപ്രവർത്തനമാണ് അലർജി. ശ്വസനവ്യവസ്ഥയെ ബാധിക്കുന്ന അലർജിക് റൈനൈറ്റിസും, അലർജിക് ആസ്ത്മയുമാണ് സാധാരണയായി കൂടുതൽ കണ്ടുവരുന്നത്. തൊലിപ്പുറമെ ഉണ്ടാകുന്ന സ്കിൻ റാഷസ്, അലർജിക് ഡെർമറ്റൈറ്റിസ്, അലർജിക് എക്സിമ എന്നിവയും കുറവല്ല. ഭക്ഷണത്തിൽ കൂടിയും ഈ രോഗം ഉണ്ടാകാം. പഴകിയതും പൂപ്പൽ പിടിച്ചതുമായ ഭക്ഷണസാധനങ്ങളും മുട്ടയും മീനും ഒക്കെ ഇതിൽപ്പെടും. വളർത്തുനായ, പൂച്ച, മുയൽ ഇവയുടെ ഒക്കെ രോമം ഉള്ളിൽ കടന്നാൽ അലർജി ഉണ്ടാകാം. നെല്ലിന്റെ പൊടി, കച്ചിപ്പൊടി, ചിലന്തിവല, ചില പൂമ്പൊടികൾ ഇവക്കും ഈ രോഗം ഉണ്ടാക്കാൻ കഴിയും. പരിസ്ഥിതി മലിനീകരണമാണ് പട്ടണങ്ങളിൽ അലർജി കൂടുതലായി ഉണ്ടാക്കുന്നത്. വാഹനങ്ങളിൽ നിന്നും പുറത്തേക്കു പോകുന്ന പുകയും, വ്യവസായശാലകളിൽ നിന്നും പുറന്തള്ളപ്പെടുന്ന മാലിന്യങ്ങളും മിക്കപ്പോഴും അലർജിക് ആസ്ത്മയ്ക്കും സൈനസൈറ്റിസിനും കാരണമാകുന്നു. പഴയ ഫയലുകളിലെ കടലാസിന്റെ പൊടി മിക്കപ്പോഴും ശ്വാസതടസം ഉണ്ടാക്കും. വീട്ടിൽ അലർജി ഉള്ളവർ ഉണ്ടെങ്കിൽ വളർത്തുമൃഗങ്ങളെ കഴിവതും ഒഴിവാക്കണം. പഴയ പത്രങ്ങളും, പുസ്തകങ്ങളും കിടപ്പുമുറികളിൽ വയ്ക്കരുത്. തറ നനച്ചു തുടയ്ക്കണം. രണ്ടാഴ്ച കൂടുമ്പോൾ എങ്കിലും കർട്ടനുകൾ കഴുകി ഇടണം. അലർജിക്കു കാരണമാകുന്ന ഭക്ഷണങ്ങൾ കഴിക്കാതിരിക്കുക. ചിലതരം ഗുളികകൾ കഴിച്ചാൽ തൊലിപ്പുറമേ ചൊറിച്ചിൽ, തടിപ്പ്, നിറവ്യത്യാസം എന്നിവ ഉണ്ടായെന്നു വരും. അങ്ങനെ ഉള്ള ഗുളികകൾ കഴിക്കാതിരിക്കണം. ചില കുത്തിവെയ്പുകൾ മരണത്തിലേയ്ക്കു തന്നെ എത്തിച്ചു എന്നു വരാം. അടുത്ത കാലത്താണു മരുന്നുകൾ മൂലം ഉണ്ടാകുന്ന അലർജികൾ ശാസ്ത്രീയ പഠനങ്ങൾക്കു വിധേയമാക്കപ്പെട്ടത്. ജീവരക്ഷയ്ക്കുപയോഗിക്കുന്ന ചില മരുന്നുകൾ ജീവനു തന്നെ ഭീഷണിയാകുന്നു എന്നു പഠനങ്ങൾ വ്യക്തമാക്കുന്നു.

# ശ്രദ്ധിക്കുക!



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആരാധന അതിമനോഹരമാണ്. എന്നാൽ ആരാധനാ ഗീതങ്ങളിലും പ്രതിവാക്യങ്ങളിലും നാം വരുത്തുന്ന തെറ്റുകൾ അവയുടെ അർത്ഥം തന്നെ മാറ്റിക്കളയുന്നു. ഇപ്രകാരം നാം വരുത്തുന്ന തെറ്റുകളെ ഒന്നു ചൂണ്ടിക്കാണിക്കുവാനാണ് ഈ പംക്തി ആരംഭിക്കുന്നത്.

(ii) നിൻ മാതാവു വിശുദ്ധൻമാർ...

വിശുദ്ധ കുർബ്ബാന പരസ്യമായി ആരംഭിക്കുമ്പോൾ ചൊല്ലുന്ന മാർ സേവേറിയോസിന്റെ മാനീസായിലെ 'മഹിമാവിയലും ദൈവജനിത്രി കന്യകയാം മറിയാമിനും' എന്ന മരിയിലെ 'മറിയാമീന്നും' എന്ന വാക്കിന്റെ ഉച്ചാരണത്തിലാണ് തെറ്റു സംഭവിക്കുന്നതായി കാണുന്നത്. 'ന്ന' എന്ന അക്ഷരത്തിന് 'മിന്നൽ' എന്ന വാക്കിലും, വന്നു എന്ന വാക്കിലും രണ്ടു തരത്തിലുള്ള ഉച്ചാരണങ്ങളാണ്. 'വന്നു' എന്ന വാക്കിലെ 'ന്ന' യുടെ ഉച്ചാരണമാണ് നാം ആ വരികളിൽ ഉപയോഗിക്കേണ്ടത്. അപ്രകാരം ഉപയോഗി ക്കുമ്പോൾ ആ വാക്കിന്റെ അർത്ഥം 'മറിയാമി ൽ നിന്ന്' എന്നാവും (ഇതാണ് ശരി). മറിച്ച് 'മിന്നൽ' എന്ന വാക്കിലെ 'ന്ന'യുടെ ഉച്ചാരണം ഉപയോഗിച്ചാൽ 'മറിയാമിനു വേണ്ടിയും' എന്ന അർത്ഥത്തിലേക്കു അതു മാറും. ആയതിനാൽ ഈ തെറ്റ് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.

(i) വെളിവിൻ തട്ടിൽ വസിക്കും...

വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിന് തൊട്ടു മുമ്പ് ചൊല്ലുന്നതായ ഈ ഗീതത്തിൽ 'വേണ്ടാക്കഷ്ടത വീൺ ചിന്ത'യുമടിയാ-രീന്നൊഴിക്ക' എന്ന വരിയിലെ 'വീൺ ചിന്ത' എന്ന വാക്കിനു പകരം 'വിൺചിന്ത' എന്നു ഉപയോഗിക്കുന്നതായി കാണുന്നു. ഈ ഗീതത്തിന്റെ അർത്ഥത്തെ മുഴുവനായി തന്നെ മാറ്റുന്ന ഒരു വലിയ തെറ്റാണ് ഇത്. 'വിൺ ചിന്ത' എന്ന വാക്കിന്റെ അർത്ഥം 'സ്വർഗ്ഗീയ ചിന്ത' എന്നാണ്. 'അരുതാത്ത ചിന്തയെ നമ്മിൽ നിന്ന് ഒഴിവാക്കുവാൻ' പ്രാർത്ഥിക്കു ന്നതിന് പകരം വിൺചിന്ത എന്നുപയോഗിച്ചാൽ 'സ്വർഗ്ഗീയ ചിന്തയെ' നമ്മിൽ നിന്ന് ഒഴിവാക്കുക എന്നായി തീരും (വിൺ = ആകാശം). ഇതിൽ നിന്നു തന്നെ എത്ര വലിയ ഒരു തെറ്റാണ് നാം വരുത്തുന്നതെന്ന് മനസ്സിലായി കാണുമല്ലോ. ഈ തെറ്റും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.

(iii) മോറാനീശോ കുരിശും നിൻ...
പരിശുദ്ധൻമാരേ നിങ്ങൾ.......

മേൽ പറഞ്ഞിരിക്കുന്ന രണ്ടു പാട്ടുകളെ അവസാന രണ്ടു വരികൾ ഏകദേശം സാമ്യമുള്ളവയാണ്. എന്നാൽ ഈ വരികളുടെ അർത്ഥത്തെ തിരിക്കുന്ന രണ്ടു വാക്കുകൾ ഉണ്ട്. അവ 'നിൻ' 'തൻ' എന്നീ പദങ്ങളാണ്. എന്നാൽ ഈ പദങ്ങൾ പരസ്പരം മാറ്റി ഉപയോഗിക്കുന്നതായി കണ്ടുവരുന്നു. ഇത്തരത്തിലുള്ള ഉപയോഗം ആ ഗീതങ്ങളുടെ അർത്ഥത്തെ മാറ്റുന്നവയാണ്. ആയതിനാൽ ഈ തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.

(iv) പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സിന്റെ അറിയിപ്പുപ്രകാരം പൗലോസ് ശ്ലീഹാ ധന്യൻ... എന്നു തുടങ്ങുന്ന ഗീതത്തിൽ വരുത്തിയതായ മാറ്റം പലർക്കും മനസ്സിലായില്ല എന്നു തോന്നിയതിനാൽ ആ തിരുത്ത് ചുവടെ ചേർക്കുന്നു.

'നിങ്ങളെ ഞങ്ങൾ അറിയിച്ചതൊഴി-
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ'

എന്നതിനു പകരമായി

നിങ്ങളെ ഞങ്ങൾ അറിയിച്ചതിനെതിരായി-
വേറൊരുവൻ വന്നറിയിച്ചാൽ

എന്ന് ഉപയോഗിക്കണം.

(തുടരും....)

# വികാരി എഴുതുന്നു...

കർത്താവിൽ പ്രിയരെ,

പ. ദൈവമാതാവിന്റെ വാങ്ങിപ്പിനോടനുബന്ധിച്ച് പ. സഭ നിശ്ചയിച്ചിരിക്കുന്ന പതിനഞ്ചു നോമ്പു നമ്മുടെ ജീവിതത്തിലും യാഥാർത്ഥ്യമാകുവാൻ ദൈവം ഇടയാക്കട്ടെ. മുൻപതിവുപോലെ നമ്മുടെ ഇടവകയിലെ 'ശൂനോയോസംഗമം' ഇടവകാംഗങ്ങൾ തമ്മിലുള്ള ബന്ധം ദൃഢകരമാകുവാൻ ദൈവം സഹായിക്കട്ടെ.

പ. നോമ്പു ദൈവമാതാവിനോട് അനുരൂപപ്പെടുവാൻ നമുക്ക് സാധിക്കട്ടെ. നോമ്പിലൂടെ ലഭിക്കുന്നതായ വെളിച്ചം മറ്റുള്ളവർക്കു പകർന്നുകൊടുക്കുവാൻ നാം ശ്രമിക്കണം. ഈ നോമ്പു പൈശാചിക ശക്തികളോടു നേരിടുവാൻ നമ്മെ ശക്തിപ്പെടുത്തട്ടെ.

പ. നോമ്പ് ശുദ്ധീകരണത്തിന്റെ അനുഭവമാണ്. അതിനുവേണ്ടി നാം നോമ്പിലൂടെ ജീവിക്കണം. ഈ പതിനഞ്ചു ദിവസവും പ്രാർത്ഥനകളിലും ധ്യാനപ്രസംഗങ്ങളിലും പങ്കെടുത്ത് നാം അനുഗ്രഹം പ്രാപിച്ചു എന്നു വിശ്വസിക്കണം. വി. കുർബ്ബാനാനുഭവം അതിന്റെ പൂർത്തീകരണമായിത്തീരട്ടെ.

നമ്മുടെ ഇടവകകളിലെ യുവജനപ്രസ്ഥാനത്തിന്റെ 'ദർശനം' ത്രൈമാസിക ഇടവകാംഗങ്ങൾക്ക് ആത്മീയദർശനം നൽകട്ടെ. ഇതിനായി പ്രവർത്തിക്കുന്ന യുവജനങ്ങളെ അഭിനന്ദിക്കുന്നു. അവർക്ക് കൂടുതലായുള്ള കഴിവുകളെ ദൈവം നൽകട്ടെ.

നമ്മുടെ നോമ്പും പ്രാർത്ഥനകളും ദൈവതിരുമുമ്പാകെ കേൾക്കുന്നതും അംഗീകരിക്കുന്നതും ആയിത്തീരട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു

നിങ്ങളുടെ സ്വന്തം വികാരിയച്ചൻ

**ഫാ. തോമസ് ആൻഡ്രൂസ് മള്ളിയിൽ**

# ശൂനോയോയും നമ്മുടെ ഇടവകയും

**റ്റി. എ. ചാക്കോച്ചൻ തൂത്തൂട്ടിക്കൽ**

പരി: ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന കാരാട്ടുകുന്നേൽ സെന്റ്. മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ നടന്നുവരുന്ന ശൂനോയോ സംഗമം എന്തു കൊണ്ടും പ്രശംസനീയവും സഭയിലെ അനേക പള്ളികൾ ഇന്നു പിന്തുടർന്നു വരുന്നതുമായ ഒരു കാര്യമത്രെ. എന്താണ് ശൂനോയൊ? അതിനെന്താണ് പ്രാധാന്യം? പരിശുദ്ധ സഭയുടെ വിശ്വാസാചാരാനുഷ്ഠാനങ്ങളിൽ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുവിന്റെ ജന്മദിനമല്ലാതെ ഒരു പരിശുദ്ധന്റെയൊ ശുദ്ധമതിയുടെയോ ജന്മദിനം ഘോഷിക്കാറില്ല. കാരണം നമ്മുടെ കർത്താവ് മനുഷ്യനായി ജനിച്ചു എന്നതിനാലും പുരുഷനെ അറിയാത്ത കന്യകമറിയാമിൽ നിന്ന് പരിശുദ്ധാത്മാവിൽ ജഡം ധരിച്ചു എന്നതിനാലും ദൈവം ഒഴികെ മനുഷ്യരാരും ജന്മപാപത്തിൽ നിന്നും ഒഴിവുള്ളവരല്ലാ എന്നതും ആണ്. പിന്നീട് ജീവിതവിശുദ്ധിയിൽ ശുദ്ധിമാനും ശുദ്ധിമതിയും ആയിത്തീരുന്നു. അപ്പോൾ അവരുടെ വാങ്ങിപ്പുദിനം നാം പെരുനാളായി കൊണ്ടാടുന്നു. കാരാട്ടുകുന്നേൽ പള്ളി പുനർനിർമ്മാണം കഴിഞ്ഞ് 1993 മുതൽ തന്നെ ശൂനോയോ സംഗമം നടത്തിവരുന്നു. ഇടവകയിലെ വിവിധ വാർഡുകളിൽ വിവിധ ഭവനങ്ങളിൽ വൈകുന്നേരം എല്ലാവരും ഒത്തുകൂടുകയും സന്ധ്യാനമസ്കാരവും പരി. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥയാചനയും പ്രഗത്ഭരായ സുവിശേഷകരുടെ സുവിശേഷഘോഷണവും നടക്കുന്നു. ഏതാണ്ട് 15 വർഷം പിന്നിടുന്ന ഈ പ്രാർത്ഥനായജ്ഞം ഇടവകയ്ക്ക് ശക്തിസ്രോതസ്സാണ്. സത്യമായിത്തന്നെ വിളിച്ചപേക്ഷിക്കുന്നവരിൽനിന്ന് തന്റെ മഹാ കരുണയെ തടയാത്തവനായ ദൈവപുത്രന്റെ മുമ്പിൽ പരിശുദ്ധ മാതാവിന്റെ മദ്ധ്യസ്ഥതയ്ക്കുള്ള സ്ഥാനം എടുത്തുപറയേണ്ടതില്ലല്ലോ. അങ്ങനെ പരിശുദ്ധ മാതാവിനോടുള്ള മദ്ധ്യസ്ഥതയാൽ ദൈവിക കൃപ ധാരാളമായി പ്രാപിച്ചുകൊണ്ട് ഈ ദേവാലയവും ഇതിന്റെ ചാപ്പലും ഇതിലെ ഇടവക ഒന്നാകെയും സന്തോഷത്തിന്റെയും ആനന്ദ നിർവൃതിയുടെയും കാണാക്കടലിൽ നൃത്തം വയ്ക്കുകയാണ്. വിവിധ സ്ഥലങ്ങളിൽ നിന്നായി എത്തുന്ന സുവിശേഷകർ മുക്തകണ്ഠം പ്രശംസിക്കുന്ന ഈ പ്രാർത്ഥനാധാര ഇടമുറിയാതെ കാത്തുസൂക്ഷിക്കാൻ ഇടവക ഒന്നാകെ പ്രതിജ്ഞാബദ്ധമാണ് അതുപോലെ അതു അനുവർത്തിക്കുന്ന ദേവാലയങ്ങളും.

പരി: മാതാവിന്റെ പ്രാർത്ഥന നമുക്കു സഹായമായിരിക്കട്ടെ.

## സൺഡേസ്കൂൾ സഹപാഠ്യ മത്സരങ്ങൾ

കാരാട്ടുകുന്നേൽ സെന്റ് മേരീസ് സൺഡേസ്കൂളിന്റെ ഈ വർഷത്തെ സഹപാഠ്യമത്സരങ്ങൾ സെപ്തംബർ 2-ാം തീയതി നടത്തപ്പെടുന്നതായിരിക്കും.

## കൈയെഴുത്ത് മാസിക മത്സരം

സൺഡേസ്കൂൾ വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനായി ഒരു കൈയെഴുത്ത് മാസികാ മത്സരം നടത്തുവാൻ പ്രസ്ഥാനമാഗ്രഹിക്കുന്നു. സൺഡേസ്കൂൾ വിദ്യാർത്ഥികളെ നാലു ഗ്രൂപ്പുകളായി തിരിച്ചുകൊണ്ട് ഈ മത്സരം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. വിദ്യാർത്ഥികളുടെ ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. നിബന്ധനകളും മറ്റു നിർദ്ദേശങ്ങളും പിന്നാലെ അറിയിക്കുന്നതാണ്.

## അവാർഡ് ജേതാക്കൾ

2006-07 വർഷത്തെ പരീക്ഷാ വിജയികൾക്കുള്ള അവാർഡുകൾ 15-08-2007-ൽ ശൂനോയോ പെരുന്നാളിനോടനുബന്ധിച്ച് വെരി. റവ. പോൾ റമ്പാൻ മൈലപ്ര വിതരണം ചെയ്യും. അർഹരായവരുടെ പേരുവിവരങ്ങൾ:-

**(i) പുത്തൻ പുരയിൽ തോമസ് മെമ്മോറിയൽ:-**

എസ് എസ് എൽ സി പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കു നേടുന്ന സൺഡേസ്കൂൾ വിദ്യാർത്ഥിക്കു നൽകുന്ന ഈ അവാർഡിന് കാരയ്ക്കൽ ഓലിക്കൽ നീനു സൂസൻ മാത്യു അർഹയായി.

(ii) എസ് എസ് എൽ സി പരീക്ഷയിൽ ഇടവകയിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന വിദ്യാർത്ഥിക്കു നൽകുന്ന അവാർഡിന് അർഹയായത് നീനു സൂസൻ മാത്യു ആണ്. നീനു കാരയ്ക്കലോലിക്കൽ മാത്യു കെ ഏബ്രഹാമിന്റെയും, ഷൈനി മാത്യുവിന്റെയും പുത്രിയാണ്.

(iii) പ്ലസ് ടു പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കു നേടുന്ന വിദ്യാർത്ഥിക്കു നൽകുന്ന അവാർഡിന് അർഹയായത് ഉതുപ്പാം പറമ്പിൽ ബെറ്റ്സി ആൻ ബേബി ആണ്. ബെറ്റ്സി ഉതുപ്പാംപറമ്പിൽ ഒ. എം. ബേബിയുടെയും മറിയാമ്മ ബേബിയുടെയും പുത്രിയാണ്.

**(iv) ഉടുമ്പനാട്ട് മെറിൻ കുരുവിള മെമ്മോറിയൽ:-**

സൺഡേസ്കൂൾ പത്താം ക്ലാസ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന വിദ്യാർത്ഥിക്ക് നൽകുന്ന ഈ അവാർഡിന് അർഹയായത് വാതല്ലൂർ ജിനു സാറാ തോമസാണ്. ജിനു വാതല്ലൂർ ഐസക് തോമസിന്റെയും, അന്നമ്മ കുര്യന്റെയും മകളാണ്.



നീനു സൂസൻ മാത്യു



ബെറ്റ്സി ആൻ ബേബി



ജിനു സാറാ തോമസ്

## പദപ്രശ്നം

(ഉല്പത്തി പുസ്തകത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ക്വിസ് ആണ് ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നത് ഉത്തരത്തിലെ അക്ഷരങ്ങളുടെ എണ്ണമാണ്. പത്രത്തിന്റെ ഈ ഭാഗം വെട്ടിയെടുത്ത് ഉത്തരം രേഖപ്പെടുത്തി 23-09-2007 ന് മുമ്പായി പള്ളിയിൽ വച്ചിരിക്കുന്ന Box-ൽ നിക്ഷേപിക്കേണ്ടതാണ്).

ചോദ്യങ്ങൾ :-

വലത്തോട്ട്:

1. സാറായെ അടക്കം ചെയ്ത ഗുഹ (4)
2. റാഹേലിന്റെ പിതാവ് (3)
3. യോസഫിന്റെ ഭാര്യ (4)
4. സാറാ തന്റെ പെങ്ങളാണെന്ന് അബ്രഹാം പറഞ്ഞതിനാൽ സാറായെ പിടിച്ചുകൊണ്ടുപോയ രാജാവ്. (5)

താഴോട്ട്:

1. യോസഫിന്റെ പുത്രന്മാരിൽ ഒരുവൻ (3)
2. നോഹയുടെ പിതാവ്. (3)
4. വിശ്വാസികളുടെ പിതാവ്. (3)
5. ലാബാന്റെ മൂത്തപുത്രി (2)

| | | | | | |
|---|---|---|---|---|---|
| 1 | | | 2 | | |
| | 4 | | | 5 | |
| | | ■ | | | ■ |
| ■ | | 3 | | | |



പെരുന്നാളിനോടനുബന്ധിച്ചു നടന്ന ശ്രമദാനത്തിൽ നിന്നും

**ഓണാശംസകൾ**

ഈ പെരുനാൾ സുദിനത്തിൽ HDFC STANDARD LIFE നിങ്ങളിലേക്ക് എത്തുകയാണ്. നമ്മുടെ വിവിധ ആവശ്യങ്ങൾക്കനുയോജ്യമായ പലതരം പ്ലാനുകൾ, കുട്ടികളുടെ ഭാവിയിലെ ആവശ്യങ്ങൾക്കു സഹായമാകുന്ന വിവിധ പ്ലാനുകൾ. കൂടുതൽ വിവരങ്ങൾക്ക്

**ജോഷി ഒ. ജെ.**

**9349917449, 0481 - 2544315**

**ദൈവമാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ**



**പി. യു. ജോയിയും കുടുംബവും മേരിഗിരി**

**ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



**വാലേൽ വി. റ്റി. ഫിലിപ്പും കുടുംബവും**

യൂത്ത് കോർണർ

# യുവജനവാരം-2007

യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 2007 ആഗസ്റ്റ് 26 മുതൽ സെപ്തംബർ 2 വരെ യുവജനവാരമായി ആഘോഷിക്കുന്നു. ആഗസ്റ്റ് 26 ന് വാരാഘോഷത്തിന്റെ ഉദ്ഘാടനം വികാരി റവ: ഫാ: തോമസ് ആൻഡ്രൂസ് നിർവഹിക്കുന്നതായിരിക്കും. യുവജനവാരാഘോഷത്തോടനുബന്ധിച്ചു നടക്കുന്ന എല്ലാ പ്രോഗ്രാമുകളിലും ഇടവക ജനങ്ങളുടെ സാന്നിദ്ധ്യസഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

**പ്രോഗ്രാമുകൾ**

(i) ലിജിൻ മാത്യു മെമ്മോറിയൽ ഭദ്രാസനതല സംഗിതമത്സരം (Sept.1)

(i) വടക്കേകുഴിക്കാട്ടിൽ മാത്തൻ മാത്യു മെമ്മോറിയൽ ക്വിസ് മത്സരം; ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾക്കുവേണ്ടി നടത്തപ്പെടുന്ന ഈ മത്സരം ആഗസ്റ്റ് 26-ാം തീയതി നടത്തപ്പെടുന്നതാണ്.

(iii) ഇടവകജനങ്ങൾക്കായി ആഗസ്റ്റ് 27, 28, 29 തീയതികളിലായി ഷട്ടിൽ ടൂർണ്ണമെന്റ് നടത്തപ്പെടുന്നതായിരിക്കും. വിജയികൾക്ക് വഷണത്തോട്ടത്തിൽ തോമസ് മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും, വാലേപ്പീടികയിൽ ഇട്ടിയവിരാ മാത്യു മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും, ക്യാഷ് അവാർഡും നൽകുന്നതാണ്.

(iv) വാരാഘോഷത്തോടനുബന്ധിച്ച് പ്രസ്ഥാനാംഗങ്ങൾ ഇടവകയിലെ ഭവനങ്ങൾ സന്ദർശിക്കുന്നതായിരിക്കും.

**ലിജിൻ മാത്യു മെമ്മോറിയൽ സംഗീതമത്സരം**

യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടയം, കോട്ടയം സെൻട്രൽ ഭദ്രാസനത്തിലെ 10 മുതൽ 16 വയസ്സുവരെ പ്രായമുള്ള സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന തേക്കുങ്കൽ ലിജിൻ മാത്യു മെമ്മോറിയൽ സംഗീത മത്സരം ഈ വർഷം സെപ്തംബർ 1-ാം തീയതി ശനിയാഴ്ച നടത്തപ്പെടുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ സൺഡേസ്കൂൾ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രവുമായി രാവിലെ 9.00 മണിക്ക് മുമ്പായി പള്ളിയിൽ എത്തിച്ചേരേണ്ടതാണ്. ഒരു പള്ളിയിൽ നിന്ന് രണ്ടു വിദ്യാർത്ഥികൾക്കു മാത്രമേ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. വിജയികൾക്ക് ക്യാഷ് അവാർഡും, എവറോളിംഗ് ട്രോഫിയും, സർട്ടിഫിക്കറ്റും നൽകുന്നതാണ്. **കൂടുതൽ വിവരങ്ങൾക്ക്: 9446385305, 9349917449**



ഇടവകയിലെ ശതാബ്ദി ആഘോഷ പദ്ധതികളുടെ ഉദ്ഘാടനം അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് തിരുമനസ്സുകൊണ്ട് നിർവഹിക്കുന്നു.

# വിവാഹധനസഹായങ്ങൾ വിതരണം ചെയ്തു

പാലക്കപറമ്പിൽ സണ്ണി ഏബ്രഹാമിന്റെയും വത്സമ്മ സണ്ണിയുടെയും മകൾ ഷീനാമോൾ സണ്ണിയുടെ വിവാഹനടത്തിപ്പിലേക്ക് 5000/- രൂപാ സഹായമായി നൽകി.

പാണകുന്നേൽ പി. കെ. കുറിയാക്കോസിന്റെയും ശോശാമ്മ കുറിയാക്കോസിന്റെയും മകൾ സുജ കുറിയാക്കോസിന്റെ വിവാഹ ചിലവിലേക്ക് 5000/- രൂപാ ധനസഹായമായി നൽകി.

# സെറ്റ് ബുക്കുകൾ വിതണം ചെയ്തു

മുൻവർഷങ്ങളിലേപ്പോലെ ഈ വർഷവും ഇടവകയ്ക്ക് അകത്തും പുറത്തുമുള്ള നിർദ്ധനരായ 25 വിദ്യാർത്ഥികൾക്ക് സെറ്റ് ബുക്കുകൾ വിതണം ചെയ്തു. ആയതിൽ സഹകരിച്ച ഏവരോടുമുള്ള നന്ദിയറിയിച്ചുകൊള്ളുന്നു.

# മത്സരവിജയികൾ

സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട അച്ചുക്കുട്ടി മെമ്മോറിയൽ ക്വിസ് മത്സരത്തിൽ എബിൻ പി. കുര്യൻ ഒന്നാം സ്ഥാനവും ബോണി അബു ഏബ്രഹാം, ഗ്രയ്സു സാറാ സൈമൺ എന്നിവർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട ഇരുപതിൽ ഇട്ടിച്ചെറിയാ മെമ്മോറിയൽ പ്രസംഗ മത്സരത്തിൽ ആഷ്നാ മേരി ജോൺ ഒന്നാം സ്ഥാനവും അഖിൽ ടോം മാത്യു രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

വിജയികളെ പ്രത്യേകം അഭിനന്ദിക്കുന്നു.



**പാലയ്ക്കപറമ്പിൽ ഷീനാമോൾ സണ്ണിക്ക് റവ. ഫാ. ഐസക് പി. ഡേവിഡ് വിവാഹ ധനസഹായം നൽകുന്നു**



**പാണുകുന്നേൽ സുജ കുറിയാക്കോസിന് പ്രസ്ഥാനം സെക്രട്ടറി ജോഷി ഒ. ജെ. വിവാഹ ധനസഹായം നൽകുന്നു.**

സ്നേഹസ്മരണയ്ക്ക്


മുപ്പതാം ചരമദിനം (15-8-07)



**ചാക്കോ ചെറിയാൻ തൈപ്പറമ്പിൽ**

By മക്കളും കൊച്ചുമക്കളും

സ്നേഹസ്മരണയ്ക്ക്



**ഏബ്രഹാം ഏലിയാസ് കാകാരിൽ**

By മക്കളും കൊച്ചുമക്കളും

സ്നേഹസ്മരണയ്ക്ക്



വേർപാടിന്റെ ഒമ്പതാം വർഷം

**ശോശാമ്മ ഏബ്രഹാം വഴനതോട്ടത്തിൽ, തെക്കേവാലേൽ**

By മക്കളും കൊച്ചുമക്കളും

സ്നേഹസ്മരണയ്ക്ക്

അഞ്ചാം ചരമ വാർഷികം (19.8.07)




**ലൂസി തോമസ് വാലേൽ**

By മക്കളും കൊച്ചുമക്കളും

ജന്മദിനാശംസകൾ

15-08-2007



ബ്ലെസൽ ഗീവറുഗീസ് എം. പൈലി

ആശംസകളോടെ

കല്ലാർ പുതുവേൽ കുടുംബാംഗങ്ങൾ


## റിലയന്റ് ദന്താശുപത്രി

പീടിയേക്കൽ ബിൽഡിംഗ്സ് ചർച്ച് ജംഗ്ഷൻ, മണർകാട്

ഫോൺ: 2373292 (ആശുപത്രി) 2542292 (R)

എടുത്ത് മാറ്റുവാൻ പറ്റാത്ത രീതിയിൽ പല്ല് വച്ചുകൊടുക്കുന്ന (ഫിക്സഡ് പാർഷ്യൽ ഡെന്റൽ) ചികിത്സ, ആധുനിക രീതിയിലുള്ള X-Ray സൗകര്യം എന്നിവ ലഭ്യമാണ്.

പ്രവർത്തനസമയം: 9.30- 1.00 p.m. 3.00 -6.00 p.m

ഞായർ അവധി

Dr. Liza Ipe. B. D. S. Dr. Siju V. Varghese M. D. S., Dr. Sudin Thomas Cherian M. D. S.


Printed and Published by Fr. Thomas Andrews, President St. Mary's Youth Movement, Karattukunnel. Editor: Santhosh Abraham
E-mail Address: darshanamkarattukunnel@yahoo.com Printed at Sophia Print House, Kottayam, Ph: 0481 - 3255054, 99471 20697